ആർബിഐ/2020-21/17
ഡിഒആർ. നം. ബിപി.ബിസി/4/21.04.048/2020-21

ഓഗസ്റ്റ് 6, 2020

എല്ലാ കൊമേഴ്സ്യൽ ബാങ്കുകൾക്കും
(സ്മോൾ ഫിനാൻസ് ബാങ്കുകൾ, ലോക്കൽ ഏരിയ ബാങ്കുകൾ, റീജിയണൽ റൂറൽ ബാങ്കുകൾ
ഉൾപ്പെടെ)
എല്ലാ പ്രൈമറി (അർബൻ) കോ-ഓപ്പറേറ്റീവ് ബാങ്കുകൾ/ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ/ ഡിസ്ട്രിക്ട് സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്കും എല്ലാ ഓൾ ഇന്ത്യാ ഫിനാൻസ് സ്ഥാപനങ്ങൾക്കും എല്ലാ ബാങ്കിങ്- ഇതര ധനകാര്യ കമ്പനികൾക്കും.

പ്രിയപ്പെട്ട സർ / മാഡം,

**സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ (എംഎസ്എംഇ) മേഖല - വായ്പകളുടെ പുന:സംഘടന.**

ഈ വിഷയം സംബന്ധിച്ച് 2020 ഫെബ്രുവരി 11-ാം തീയതി പുറപ്പെടുവിച്ച സർക്കുലർ ഡിഒആർ. നം.ബിപി. ബിസി.34/21.04.048/2019-20 ദയവായി പരിശോധിക്കുക.

2. കോവിഡ് 19 ന്റെ തിക്തഫലങ്ങളെ നേരിടാനായി ജീവനക്ഷമമായ എംഎസ്.എംഇ സംരംഭങ്ങൾക്ക് പിൻതുണയേകേണ്ടുന്ന തുടർച്ചയായ ആവശ്യം പരിഗണിച്ചും, കോവിഡ് 19-ന് അനുബന്ധമായ ഞെരുക്കത്തെ പ്രതിരോധിക്കാനായി മറ്റ് വായ്പകൾക്കായി പ്രഖ്യാപിച്ചിരിക്കുന്ന ക്ലേശപരിഹാര രൂപരേഖയെ ഈ മാർഗരേഖകളുമായി കോർത്തിണക്കാനും വേണ്ടിയും മുൻപറഞ്ഞ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി വിശാലമാക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇതിൻ പ്രകാരമായി 'സ്റ്റാൻഡേഡ്' ആയി നിലവിൽ തരംതിരിക്കപ്പെട്ടിരിക്കുന്ന എംഎസ്എംഇ-കളെ ആസ്തി വർഗ്ഗീകരണത്തിൽ ഒരു തരം താഴ്ത്തലിന് വിധേയമാക്കാതെ താഴെപ്പറയുന്ന

നിബന്ധനകൾക്ക് വിധേയമായി പുന:സംഘടിപ്പിക്കാവുന്നതാണ്.

i. ബാങ്കുകളും എൻബിഎഫ്സി-കളും വായ്പക്കാരന് നൽകിയിരിക്കുന്ന ഫണ്ട്-ഇതരാധിഷ്ഠിത വായ്പകൾ ഉൾപ്പെടെയുള്ള മൊത്തം വായ്പ 2020 മാർച്ച് 1-ന് 25 കോടി രൂപയിൽ കവിയാൻ പാടില്ല.

ii. വായ്പക്കാരന്റെ അക്കൗണ്ട് 2020 മാർച്ച് 1 ന് 'സ്റ്റാൻഡേഡ്' വിഭാഗത്തിൽ തുടരുകയായിരുന്നിരിക്കണം

iii. വായ്പക്കാരന്റെ അക്കൗണ്ടിന്റെ പുന:സംഘടന 2021 മാർച്ച് 31-ഓടെ നടപ്പാക്കിയിരിക്കണം.

iv. പുന: സംഘടന നടപ്പാക്കുന്ന തീയതിയിൽ വായ്പക്കാരന്റെ സ്ഥാപനം ജിഎസ്ടി - രജിസ്ട്രേഡ് ആയിരിക്കണം. എന്നാൽ ജിഎസ്ടി രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്ന എംഎസ്എംഇ-കൾക്ക് ഈ നിബന്ധന ബാധകമായിരിക്കുകയില്ല. ഇത് തീരുമാനിക്കുന്നത് 2020 മാർച്ച് 1ന് നിലവിലിരുന്ന ഒഴിവാക്കൽ പരിധിയുടെ അടിസ്ഥാനത്തിലായിരിക്കും.

v. സ്റ്റാൻഡേഡ് ആയി തരംതിരിക്കപ്പെട്ട വായ്പക്കാരുടെ ആസ്തി വർഗീകരണം അതേപടി നിലനിർത്തേണ്ടതാണ്. എന്നാൽ 2020 മാർച്ച് 2-നും പദ്ധതി നിർവഹണ തീയത്തിക്കുമിടയിൽ എൻ.പിഎ വിഭാഗത്തിലേക്ക് വഴുതിപ്പോയ അക്കൗണ്ടുകൾ പുന:സംഘടനാ പദ്ധതിയുടെ തീയതിയിൽ 'സ്റ്റാൻഡേഡ് ആസ്തി' യായി ഉയർത്തേണ്ടതാണ്. ഈ സർക്കുലറിൽ പറയുന്ന വ്യവസ്ഥകൾ അനുസരിച്ച് പുന:സംഘടന നടത്തിയാൽ മാത്രമേ ആസ്തി വർഗ്ഗീകരണത്തിന്റെ പ്രയോജനം ലഭ്യമാക്കൂ.

vi. ഇത് വരെയും ചെയ്തിരുന്നത് പോലെ, ഈ മാർഗരേഖകൾ പ്രകാരം പുന:സംഘടിപ്പിക്കപ്പെട്ട അക്കൗണ്ടുകൾക്കായി ബാങ്കുകൾ, അവ ഇതിനോടകം ചെയ്തിരിക്കുന്ന കരുതിവയ്ക്കലുകൾക്കുമുപരിയായി 5% അധിക കരുതി വയ്ക്കലുകൾ തുടർന്നു വച്ചു കൊണ്ടിരിക്കേണ്ടതാണ്.

3. 2020 ഫെബ്രുവരി 11-ാം തീയതിയിലെ സർക്കുലറിൽ പ്രതിപാദിച്ചിരിക്കുന്ന മറ്റ് എല്ലാ നിർദ്ദേശങ്ങളും ബാധകമായി തുടരുന്നതായിരിക്കും.

താങ്കളുടെ വിശ്വസ്തതയുള്ള

(സൗരവ് സിൻഹ)
ചീഫ് ജനറൽ മാനേജർ - ഇൻ-ചാർജ്